(സി) ഈ ഓരോ ഉദ്യോഗസ്ഥനും ഇപ്രകാരം സമ്മാനം കൊടുത്തിട്ടുള്ളതു് അവരുടെ ഏതേതു പ്രവർത്തനങ്ങളെ അടിസ്ഥാനപ്പെടുത്തിയാണു്;

(ഡി) സംസ്ഥാന ഗവണ്മെൻറിൻെറ അറിവോടും സമ്മതത്തോടുംകൂടിയാണോ സമ്മാനങ്ങൾ കൊടുത്തിട്ടുള്ളതു്;

(ഇ) സമ്മാനം കൊടുക്കുന്ന അവസരത്തിൽ ഈ ഉദ്യോഗസ്ഥന്മാരുടെമേൽ എന്തെങ്കിലും പരാതി നിലവിലുണ്ടായിരുന്നോ;

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഉവ്വു്.

(ബി & സി) † വിവരങ്ങളടങ്ങിയ ഒരു സ്റ്റേറ്റുമെൻറു് മേശപ്പുറത്തു വച്ചിട്ടുണ്ടു്.

(ഡി) ശ്രീ. പി. ഗോപാലനെ സംബന്ധിച്ചിടത്തോളം ഗവണ്മെൻറിൻെറ അറിവോടും സമ്മതത്തോടുംകൂടെയുമാണു് നൽകിയതു്.

(ഇ) ഇല്ല.

## ഗവണ്മെൻറു് പരസ്യങ്ങൾ

* 739. [29] ശ്രീ. എൻ. ജി. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) ഇതര സംസ്ഥാനങ്ങളിലെ ഭാഷാപത്രങ്ങൾക്കു് അതതു ഗവണ്മെൻറുകൾ നൽകിക്കൊണ്ടിരിക്കുന്ന പരസ്യങ്ങളെക്കാൾ വളരെ കുറവാണു് ഇവിടത്തെ ഭാഷാപത്രങ്ങൾക്കു് ഗവണ്മെൻറു് പരസ്യങ്ങൾ നൽകുന്നതെന്ന വസ്തുത തിരുവിതാംകൂർ-കൊച്ചി ഗവണ്മെൻറിൻെറ ശ്രദ്ധയിൽ കേരളായൂണിയൻ ന്യൂസു് പേപ്പർ എഡിറ്റേഴ്സു് അസോസിയേഷൻ കൊണ്ടുവന്നിട്ടുണ്ടോ;

(ബി) പരസ്യങ്ങൾ നൽകുന്ന കാര്യത്തിൽ ഇപ്പോൾ ഗവണ്മെൻറു് അവലംബിച്ചിരിക്കുന്ന നയം പുനഃപരിശോധന ചെയ്യുമോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഇല്ല.

(ബി) പരസ്യങ്ങൾ നൽകുന്ന കാര്യത്തിൽ ഗവണ്മെൻറു് അവലംബിച്ചിട്ടുള്ള നയം തികച്ചും ന്യായയുക്തമാണെന്നാണു് ഗവണ്മെൻറിൻെറ വിശ്വാസം.

## ഹെലിബറിയ എസ്റ്റേറ്റിൽ അക്രമപ്രവർത്തനങ്ങൾ.

* 740. [30] ശ്രീ. എൻ. ജി. ചാക്കോ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീരുമേട്ടിൽ ഹെലിബറിയാ എസ്റ്റേറ്റിൽ 1955-മേയ് മാസം 3-ാം തീയതി ആർ. എസ്. പി. തൊഴിലാളികൾ അക്രമപ്രവർത്തനങ്ങൾ നടത്തിയതായി എന്തെങ്കിലും റിപ്പോർട്ടു് ഗവണ്മെൻറിനു് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം അക്രമങ്ങളാണു് അവിടെ നടന്നിട്ടുള്ളതു്?

† Please see Appendix VII

LIBRARY ARCHIVES Kerala Legislative Assembly